# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2897** 17/10/2016 -ൽ മറുപടിക്ക്

### 'സുകൃതം' പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.എസ്.ശിവകുമാർ** | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | മുൻസർക്കാർ നടപ്പിലാക്കിയ 'സുകൃതം' പദ്ധതിയിലൂടെ നാളിതുവരെ എത്ര പേർക്ക് ചികിത്സാ സഹായം നൽകാൻ സാധിച്ചിട്ടുണ്ട്; ഇതിലേക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ; | എ) | ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കാൻസർ രോഗികൾക്കായി സംസ്ഥാനത്ത് 8 സർക്കാർ ക്യാൻസർ ചികിത്സാലയങ്ങളിൽ ചികിത്സ സൗജന്യമാക്കുന്നതിനുള്ള പദ്ധതിയാണ് സുകൃതം. എറണാകുളം ജനറൽ ആശുപത്രിയിൽ സുകൃതം പദ്ധതിയുടെ കീഴിൽ 870 ഓളം രോഗികൾക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 12 കോടി രൂപ ആർ.സി.സിക്കും 5 കോടി രൂപ മലബാർ ക്യാൻസർ സെന്ററിനും 3 കോടി രൂപ കോഴിക്കോട് മെഡിക്കൽ കോളേജിനും 2 കോടി രൂപ വീതം എറണാകുളം ജനറൽ ആശുപത്രി, തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകൾക്കും കോർപ്പസ് ഫണ്ടായി അനുവദിച്ചിരുന്നു.<br>**മലബാർ ക്യാൻസർ സെന്റർ**<br>സുകൃതം പദ്ധതി പ്രകാരം 01/11/2014 മുതൽ 30/09/2016 വരെ 1519 രോഗികളെ മലബാർ ക്യാൻസർ സെന്ററിൽ ചികിത്സിക്കുകയുണ്ടായി. ആയതിലേയ്ക്കായി രൂപ 6,81,57,160/- ചെലവഴിക്കുകയുണ്ടായി.<br>**റീജിയണൽ ക്യാൻസർ സെന്റർ**<br>സുകൃതം പദ്ധതി 2014 നവംബർ മാസം മുതൽ റീജിയണൽ ക്യാൻസർ സെന്ററിൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം നാളിതുവരെ (13/10/2016) 4859 പേർക്ക് ചികിത്സാ സഹായം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിലേയ്ക്കായി 20,49,57,805/- രൂപ ചെലവഴിച്ചു. |
| ബി) | ഈ പദ്ധതി നിർത്തലാക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ? | ബി) | പദ്ധതി നിർത്തലാക്കുന്നതായുള്ള ഒരു തീരുമാനവും ആരോഗ്യ വകുപ്പ് എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ